കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - 50 വയസ് തികഞ്ഞ ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊമോഷൻ ലഭിക്കുന്നതിന് കെ.ഇ.ആറും ഡിപ്പാർട്ട്മെന്റ് ടെസ്റ്റും പാസ്സാകണമെന്ന നിബന്ധനയിൽ നിന്ന് അനുവദിച്ചിട്ടുള്ള ഇളവ് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ. (കൈയ്യെഴുത്ത്) നം.117/2015/പൊ.വി. തീയതി, തിരുവനന്തപുരം, 16-05-2015.

==========================================================

പരാമർശം:
1. 29-4-2003 ലെ ജി.ഒ (ആർ.റ്റി) നം.1627/2003/പൊ.വി. നമ്പർ ഉത്തരവ്.
2. 05-09-2013 ലെ ജി.ഒ (ആർ.റ്റി) നം.3719/2013/പൊ.വി. നമ്പർ ഉത്തരവ്.
3. 13-06-2014 ലെ സ.ഉ (കൈയെഴുത്ത്) നം.106/2014/പൊ.വി. നമ്പർ ഉത്തരവ്.
4. 06-12-2014 ലെ സ.ഉ (കൈയെഴുത്ത്) നം.265/2014/പൊ.വി. നമ്പർ ഉത്തരവ്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04-02-2015 ലെ ഡി6/13741/2014/ ഡി.പി.ഐ നമ്പർ കത്ത്.'

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5-ാം പരാമർശ കത്തിലെ ശുപാർശയനുസരിച്ച് 50 വയസ് തികഞ്ഞ ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി പ്രൊമോഷൻ ലഭിക്കുന്നതിന് കെ.ഇ.ആറും ഡിപ്പാർട്ട്മെന്റ് ടെസ്റ്റും പാസ്സാകണമെന്ന നിബന്ധനയിൽ നിന്ന് അനുവദിച്ചിട്ടുള്ള ഇളവ്, പ്രസ്തുത പ്രൊമോഷന് ടെസ്റ്റ് പാസ്സായ അദ്ധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണെന്ന നിബന്ധനയോടെ, 01-03-2015 മുതൽ ആറ് മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്. സെന്തിൽ
ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുഭരണ (എസ്.സി) വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (13239/സി2/2014/പൊ.വി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ